"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള ക്ലാർക്ക് ശ്രീ ഷിനോജ് ടി വി യെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കൃഷി വകുപ്പിനു കീഴിൽ തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ നിതിൻ എം -നെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

G.O.(Rt)No.2496/2021/LSGD **തീയതി,തിരുവനന്തപുരം, 06/12/2021**

---

പരാമർശം:-
1. 01.09.2021 തീയതിയായി ശ്രീ ഷിനോജ് ടി വി സമർപ്പിച്ച നിവേദനം
2. 21.10.2021 -ലെ ഇആർഎ1/121/2021-തസ്വഭവ നമ്പർ കത്തുകൾ.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 9.11..2021 -ലെ ADFW/1134/2021-SA4 നമ്പർ കത്തും ഉള്ളടക്കവും.
4. പഞ്ചായത്ത് ഡയറക്ടറുടെ 27.11.2021-ലെ PAN/4175/2021-E5(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള ക്ലാർക്ക് ശ്രീ ഷിനോജ് ടി വി മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് നിവേദനം നൽകിയിരുന്നു. നാല്യ വർഷത്തോളമായി ടി സ്ഥാപനത്തിൽ പുനർവിന്യാസത്തിൽ സേവനമനുഷ്ഠിച്ച വരുന്ന ടിയാന് നിരവധി ആരോഗ്യപ്രശ്നമുള്ളതിനാൽ ദിവസേന വീട്ടിൽ പോയി വരാൻ കഴിയുന്ന ദൂരത്തിൽ മാതൃവകപ്പിൽ കാസറഗോഡ് ജില്ലയിൽ ഒഴിവ്വ വരുന്ന മുറയ്ക്ക് വിടുതൽ ചെയ്യുന്നതിനുള്ള മുൻകൂർ അനുമതിയാണ് ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിന്നും ഒരു ജീവനക്കാരനെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് പുനർവിന്യസിക്കുന്നതിനും മാതൃവകുപ്പിൽ കാസറഗോഡ് ജില്ലയിൽ ഒഴിവ് വരുന്ന തീയതി അറിയിക്കുന്നതിനും വകുപ്പ് മേധാവിയ്ക്ക് നിർദേശം നൽകുകയും ടിയാനെതിരെ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലുണ്ടോ എന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ശ്രീ ഷിനോജ് ടി വി യെ മാതൃവകുപ്പിലേക്ക് പ്രവേശിപ്പിക്കുന്നതിനു പകരം തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ ജോലി ചെയ്തുവരുന്ന ശ്രീ നിതിൻ എം ന്റെ പുനർവിന്യാസത്തിനുള്ള ഓപ്ഷൻ ശിപാർശ ചെയ്ത പരാമർശം (3) പ്രകാരം വകുപ്പ് മേധാവി ലഭ്യമാക്കുകയുണ്ടായി. ശ്രീ ഷിനോജ് ടി വിയ്ക്കെതിരെ കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു വകുപ്പുതല അച്ചടക്ക നടപടികളോ നിലവിലില്ല എന്ന് പഞ്ചായത്ത് ഡയറക്ടറും പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള ക്ലാർക്ക് ശ്രീ ഷിനോജ് ടി വി യെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കൃഷി വകുപ്പിന് കീഴിൽ തിരുവനന്തപുരം ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ നിതിൻ എം-നെ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിലവിലുള്ള ഒഴിവിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Preetha K S

Joint Secretary

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ശ്രീ ഷിനോജ് ടി വി, ക്ലാർക്ക്, കാസർഗോഡ് ജില്ലാ പഞ്ചായത്ത് (വകുപ്പ് മേധാവി മുഖേന)

ശ്രീ നിതിൻ എം., ക്ലാർക്ക്, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം (വകുപ്പ് മേധാവി മുഖേന)

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത്

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം. (വകുപ്പ് മേധാവി മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി